**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **31-08-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതിയിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി മൂലം വീട്ടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി മുട്ടത്തറയിൽ 18 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കടലാക്രമണം മൂലം ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ബൃഹത് പദ്ധതിയാണ് പുനർഗേഹം. പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറ വില്ലേജിൽ ക്ഷീര വികസന വകുപ്പിന്റെയും ഡയറി കോളേജിന്റെയും കൈവശമുള്ള 17.43 ഏക്കർ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് 02.06.2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. |
| (ബി) | പ്രസ്തുത സ്ഥലത്ത് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് വീട് നഷ്ടപ്പെട്ട കുടുംബങ്ങളുടെ പ്രതിനിധികളുമായോ ബന്ധപ്പെട്ട സംഘടനകളുമായോ ജനപ്രതിനിധികളുമായോ ഏതെങ്കിലും തരത്തിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത സ്ഥലം ലഭ്യമാക്കി പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥലം ബഹു. എം.എൽ.എ. കൂടിയായ ബഹു. ഗതാഗത വകുപ്പ് മന്ത്രിയും ബഹു. തിരുവനന്തപുരം മേയറും പങ്കെടുത്ത് 16.08.2022 നും 22.08.2022 നും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ 19.08.2022 ന് തിരുവനന്തപുരം അതിരൂപത പ്രതിനിധികളുമായും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടന്നിട്ടുണ്ട്. |
| (സി) | മുട്ടത്തറയിൽ സർക്കാർ കണ്ടെത്തിയ ഭൂമി മൃഗസംരക്ഷണ വകുപ്പിന്റെ ഡയറി കോളേജിനായുള്ള സ്ഥലമാണോ; എങ്കിൽ പ്രസ്തുത ഭൂമി പുനരധിവാസ ആവശ്യത്തിനായി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഡയറി കോളേജ് ആരംഭിക്കുന്നതിന് തിരുവനന്തപുരത്ത് പകരം സ്ഥലം കണ്ടെത്തി നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് 02.06.2022-ലെ ബഹു. മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ തീരുമാനമായത്. |

| | | | |
|---|---|---|---|
| (ഡി) | മുട്ടത്തറയിൽ ഏത് രീതിയിലുള്ള പുനരധിവാസ പദ്ധതിയാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | മുട്ടത്തറയിൽ മത്സ്യത്തൊഴിലാളി കൾക്കായി നിർമ്മിച്ച് കൈമാറിയ പ്രതീക്ഷ ഫ്ലാറ്റിന്റെ മാതൃകയിലുള്ള പുനരധിവാസമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഇ) | പുനരധിവാസവുമായി ബന്ധപ്പെട്ട് ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സമരം നടക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ സ്ഥലത്തിന്റെ അനുയോജ്യത ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സമരസമിതി പ്രതിനിധികളുമായും ബന്ധപ്പെട്ട മറ്റു സംഘടനകളുമായും ജനപ്രതിനിധികളുമായും ചർച്ച നടത്തുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ? | (ഇ) | 19.08.2022 ന് ലത്തീൻ അതിരൂപത പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ പുനരധിവാസം അടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ